**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. ബേസിൽ ഏലിയാസിന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ) നമ്പർ.2011/2017/തസ്വഭവ തിരുവനന്തപുരം, തീയതി.17/06/2017

---

പരാമർശം: 1) ശ്രീ.ബേസിൽ ഏലിയാസിന്റെ 13.07.2016 ലെ ശൂന്യവേതനാവധിയപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 20.07.2016, 14.03.2017 എന്നീ തീയതികളിലെ ഇ 6- 23039/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. ബേസിൽ ഏലിയാസിന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്, മൊഹാലിയിൽ പി.എച്ച്.ഡി പഠനം നടത്തുന്നതിന് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ. ബേസിൽ ഏലിയാസ് 07.03.2013 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്, മൊഹാലിയിൽ പി.എച്ച്.ഡി പഠനം നടത്തുന്നതിന് 23.07.2016 മുതൽ 22.07.2021 വരേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് സെന്റർ അസിസ്റ്റന്റ് പ്രൊഫസർ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ.ബേസിൽ ഏലിയാസിന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്, മൊഹാലിയിൽ പി.എച്ച്.ഡി പഠനം നടത്തുന്നതിന് 23.07.2016 മുതൽ 22.07.2021 (യാത്രാസമയം കൂടി ഉൾപ്പെടുത്തി) വരെ കെ എസ് ആർ ഭാഗം 1, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്.വി.പി**

**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ.ബേസിൽ ഏലിയാസ്, ക്ളാർക്ക്, മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധന വകുപ്പിന്(B2/118/2017-(E 479155)ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/178/16/തസ്വഭവ നമ്പർ ഫയൽ)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**